# തിരൂർ നഗരസഭ

ആർ4.15742/13 തിരൂർ തിയതി, 29.05.2014

## ലേലം/ക്വട്ടേഷൻ നോട്ടീസ്

തിരൂർ നഗരസഭ വണ്ടിപ്പേട്ടയിൽ പുതുതായി നിർമ്മിച്ച കാർഷിക വിപണന കേന്ദ്രത്തിലെ ഒന്നാം നിലയിലെ 5 മുറികൾ (തെക്ക് വടക്ക് കെട്ടിടത്തിലെ തെക്ക് ഭാഗത്തെ ഒന്നാമത്തെ മുറി ഒഴികെ തുടർന്നുള്ള എടിസി 11,10,09,08,07 നമ്പർ മുറികൾ) നിലവിലുള്ള സൗകര്യങ്ങളോടെ നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുക്കുന്ന തിയ്യതി മുതൽ ഒരു വർഷത്തേക്ക് ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് 2014 ജൂൺ മാസം 11-ാം തിയതി പകൽ 11.00 മണിക്ക് നഗരസഭാ ഓഫീസ് പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്യുന്നതും, അന്നേ ദിവസം പകൽ 11.00 മണി വരെ മുദ്ര വെച്ച ക്വട്ടേഷനുകൾ സ്വീകരിക്കുന്നതുമായിരിക്കും. ഓരോ മുറികളുടെ തറ വിസ്തീർണ്ണ കണക്കിൽ ച. അടിക്ക് 20/-രൂപ പ്രതിമാസ ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നു. മുറിക്ക് നൽകാവുന്ന പരമാവധി ഡെപ്പോസിറ്റ് തുക ക്വാട്ട് ചെയ്യുന്നവർക്കായിരിക്കും ലേലം/ക്വട്ടേഷൻ ഉറപ്പിക്കുക. ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ 25000/-ക നിരത ദ്രവ്യമായി ലേലം നടത്താൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പക്കൽ കെട്ടി വെക്കേണ്ടതും, ഐഡന്റിറ്റി കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതുമാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ നിരത ദ്രവ്യമായി 25000/- ക.യുടെ ഡി.ഡി.യോ, അല്ലെങ്കിൽ 25000/-ക ഓഫീസ് ഖജനാവിൽ അടവാക്കിയ രസീതോ ഉള്ളടക്കം ചെചെയ്യേണ്ടതാണ്. ക്വട്ടേഷൻ കവറിനു മുകളിൽ ക്വട്ടേഷനറുടെ പേരും മേൽ വിലാസവും കട മുറി നമ്പറും രേഖപ്പെടുത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ആഫീസിൽ നേരിട്ട് അന്വേഷിച്ചറിയാവുന്നതാണ്.

സെക്രട്ടറി

ഓഫീസ്, ലൈബ്രറി നോട്ടീസ് ബോർഡ്,
വെബ് സൈറ്റ് പ്രസിദ്ധീകരണം
വണ്ടിപ്പേട്ട, ബസ് സ്റ്റാന്റ് കെട്ടിടം എന്നവിടങ്ങളിൽ പതിക്കുന്നതിന്
തിരൂർ താലൂക്ക് ഓഫീസ്, തിരൂർ സബ് രജിസ്ട്രാർ ഓഫീസ്,
തിരൂർ, തൃക്കണ്ടിയൂർ വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്,

പകർപ്പ്:- ബഹു. ചെയർമാൻ, വൈസ് ചെയർമാൻ, സെക്രട്ടറി
മുനിസിപ്പൽ എഞ്ചിനീയർ, സെക്രട്ടറിയുടെ പി.എ,
ആർ.ഒ, ആർ.ഐ, ഫ്രണ്ട് ഓഫീസ്.